# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1700 — 06/03/2017-ൽ മറുപടിക്ക്

### ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം പുന:സ്ഥാപിക്കൽ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ വർഷത്തെ ഹജ്ജ് എംപാർ ക്കേഷൻ കേന്ദ്രങ്ങളിൽ നിന്നും കരിപ്പൂർ വിമാനത്താവളം ഒഴിവാക്കപ്പെടാനുണ്ടായ സാഹ ചര്യം വ്യക്തമാക്കാമോ; | എ) 2015ൽ കോഴിക്കോട് വിമാനത്താവള ത്തിൽ അറ്റകുറ്റ പണികൾ നടക്കുന്ന തിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാന ങ്ങൾക്ക് സമയ ക്രമമേർപ്പെടുത്തു കയും ചെയ്തതിന്റെ ഭാഗമായാണ് 2015 ലേയും 2016-ലേയും ഹജ്ജ് എമ്പാർക്കേഷൻ പോയന്റ് താൽക്കാ ലികമായി നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയത്. |
| ബി) റൺവേ അറ്റകുറ്റപ്പണിയുടെ പേരിൽ നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയ ഹജ്ജ് എംപാർക്കേഷൻ കേന്ദ്രം അറ്റകുറ്റപ്പണികൾ തീർന്നിട്ടും പുന:സ്ഥാപിക്കാ ത്തത് എന്തെങ്കിലും ഗൂഢാലോ ചനയുടെ ഫലമാണെന്ന് കരുതു ന്നുണ്ടോ ; | ബി) റൺവേ അറ്റകുറ്റ പണിയുടെ പേരിൽ നെടുംബാശ്ശേരിയിലേക്ക് മാറ്റിയ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം അറ്റകുറ്റ പണികൾ തീർന്നിട്ടും പുന സ്ഥാപിക്കാത്തത് എതെങ്കിലും ഗൂഢാലോചനയുടെ ഫലമാണെന്ന് കരുതുന്നില്ല. റൺവേ നീളം കൂട്ടാത്തതിനാൽ ഹജ്ജ് സർവ്വീസിന് അനുയോജ്യമായ വലിയ വിമാനങ്ങൾ സർവ്വീസ് നട ത്താൻ സാധിക്കില്ല എന്നാണ് ബന്ധ പ്പെട്ട വൃത്തങ്ങളിൽ നിന്ന് കിട്ടിയ വിവരം. |
| സി) ഇക്കാര്യത്തിൽ സംസ്ഥാനം കേന്ദ്രവുമായി ബന്ധപ്പെട്ടിരു ന്നോ; വിശദാംശങ്ങൾ നൽകു മോ? | സി) ഈ വർഷാരംഭത്തിൽ തന്നെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴി ക്കോട്ടേക്ക് മാറ്റുന്നതിനു സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തി വരികയാണ്. എംബാർക്കേഷൻ കോഴിക്കോടിൽ നില നിർത്തണമെ ന്നാവശ്യപ്പെട്ടു കൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂന പക്ഷ വകുപ്പ് മന്ത്രി എന്നിവരുമായി |

സംസ്ഥാന ഹജ്ജ് വകുപ്പ് മന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും മറ്റും ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ, ശ്രീ.ചൗധരി മെഹ്ബൂബ് അലി കൈസർ 25.01.2017 ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യ സഭാ, ലോക് സഭാ എം.പി മാരുടെയും മറ്റു പ്രധാന വ്യക്തികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. 28.02.2017 ൽ നടക്കുന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതിനും അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ ഉടനെ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ